ഉത്തരം

(എ) പ്രസ്തുത സ്ഥലം ഡിപ്പാർട്ടുമെൻറിന്റെ പേരിലാക്കി മാറുന്നതിനുള്ള റവന്യൂ നടപടികൾ എടുത്തുവരുന്നു.

(ബി) മഞ്ചേരി മുനിസിപ്പാലിറ്റിയാണ് പ്രസ്തുത ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കേണ്ടത്.

അയർക്കുന്നം ആയുർവേദ ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി

61 [2107] ശ്രീ. ഉമ്മൻ ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയർക്കുന്നം ആയുർവേദ ആശുപത്രിക്കുവേണ്ടി പൊതുജനങ്ങൾ സൗജന്യമായി നൽകിയ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ എന്തായി എന്ന് വ്യക്തമാക്കാമോ;

(ബി) എത്രയും വേഗം നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ ആൻറ് ബി) അയർക്കുന്നം ആയുർവേദ ആശുപത്രിക്ക് സൗജന്യമായി ലഭിച്ച 25 സെൻറ് സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് 3,18,000 രൂപയുടെ റഫ് കോസ് റേറ് എസ്റ്റിമേറ് തയ്യാറാക്കിയിട്ടുണ്ട്. ധനലഭ്യതയനുസരിച്ച് കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മഞ്ചേരി നിയോജകമണ്ഡലത്തിലെ ഹോമിയോ ആശുപത്രി

62 [2112] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജക മണ്ഡലത്തിലെ താലൂക്ക് ഹോമിയോ ആശുപത്രിക്ക് നാട്ടുകാർ നല്കിയ സ്ഥലം ആരോഗ്യവകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്;

(ബി) പ്രസ്തുത ആശുപത്രിക്ക് കെട്ടിടം പണിയാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) മഞ്ചേരി ഹോമിയോ ആശുപത്രിക്ക് നാട്ടുകാർ നല്കിയ സ്ഥലം ഡിപ്പാർട്ടുമെൻറിനു കൈമാറി കിട്ടിയിട്ടില്ല. പെരിന്തൽമണ്ണ ആർ. ഡി. ഒ.-യുമായി ബന്ധപ്പെട്ട് ഇതിനുവേണ്ട നടപടി കൈക്കൊണ്ടുവരുന്നു.

(ബി) സ്ഥലം കൈമാറി കിട്ടിയതിനുശേഷം കെട്ടിടം പണിയുന്നതിനുവേണ്ട നടപടികൾ ഫണ്ടിന്റെ ലഭ്യതകൂടി കണക്കിലെടുത്ത് സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly